# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3305 25.06.2012- ൽ മറുപടിക്ക്**

**വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ജമീലാ പ്രകാശം : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ പാരിസ്ഥിതികാനുമതിയ്ക്കായുള്ള ടേംസ് ഓഫ് റഫറൻസിന് ജൂൺ/ജൂലൈ 2011-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ പോർട്ട് നടത്തിപ്പ് ഏറ്റെടുക്കുന്നതിനുള്ള യോഗ്യത നേടിയ രണ്ടു കമ്പനികളിൽ ഒന്നിനു സുരക്ഷാ അനുമതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ അന്തിമാനുമതി വൈകുന്നതിനുള്ള കാരണമെന്ത്; | (ബി) | പാരിസ്ഥിതിക അനുമതിയ്ക്കുള്ള ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് എല്ലാ സീസണുകളും ഉൾപ്പെടുന്ന പഠനം 2012 ജൂൺ 30-ഓട് കൂടി പൂർത്തിയാക്കിയതിനുശേഷം മറ്റു നടപടി ക്രമങ്ങൾ പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കേണ്ടതായുണ്ട്. പാരിസ്ഥിതികാനുമതിയ്ക്കായുള്ള ഒരു വർഷത്തെ പഠനം ജൂൺ 30-ന് പൂർത്തിയാകും |
| (സി) | കേന്ദ്ര സർക്കാരിന്റെ അനുമതിക്കു വേണ്ടി നാളിതുവരെ സംസ്ഥാന | (സി) | പാരിസ്ഥിതിക പഠനത്തിനായുള്ള ടേംസ് ഓഫ് റഫറൻസിന് അംഗീകാരം ജൂലൈ 2011-ൽ |

----2

സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും കേന്ദ്ര സർക്കാരിന്റെ പ്രതികരണവും സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്തു. ഇതനുസരിച്ചുള്ള പഠനം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകൃത ഏജൻസികൾ വഴി സമയബന്ധിതമായി നടത്തുന്നു. പാരിസ്ഥിതികാനുമതിയ്ക്കായുള്ള പഠനം 2012 ജൂൺ 30 നു പൂർത്തിയാകും. ഒരു വർഷത്തെ പഠനവും അതിനോടനുബന്ധിച്ചുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കി റിപ്പോർട്ട് കേന്ദ്ര സർക്കാരിനു സമർപ്പിച്ചതിനു ശേഷം മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ഇതിൻ മേലുള്ള പ്രതികരണം ലഭിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ